
ജില്ലാ പഞ്ചായത്ത് – തൃശ്ശൂർ
District Panchayath, Thrissur
സ്വച്ഛ് ഭാരത് മിഷൻ, തൃശ്ശൂർ
Swachh Bharat Mission, Thrissur
ജില്ലാ തല ODF പ്രഖ്യാപനം
District Level ODF Declaration
Place : Collectorate, Thrissur
Date : 26.09.2016

# പത്രക്കുറിപ്പ്

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികമായ 2019 ഒക്ടോബർ 2-ാംതിയ്യതിയോടെ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കി ഇന്ത്യാമഹാരാജ്യത്തെ പൂർണ്ണമായും തുറസ്സായ സ്ഥലത്ത് മലവിസർജ്ജന രഹിത രാജ്യമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് രാജ്യത്തുടനീളം നടന്ന് വരുന്നത്. ഇതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തും ഊർജ്ജിത പ്രവർത്തനങ്ങളാണ് നടന്ന് വരുന്നത്. തൃശൂർ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ODF ഗ്രാമപഞ്ചായത്തുകളായി പ്രഖ്യാപിക്കുകയും അത്‌വഴി തൃശൂർ ജില്ല ഗ്രാമീണ മേഖലയിൽ ODF പ്രഖ്യാപിക്കുന്ന കേരളത്തിലെ ആദ്യ ജില്ല എന്ന നേട്ടം കൈവരിച്ചിരിക്കുകയാണ്. തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തേണ്ട സാഹചര്യത്തിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള Baseline Survey 2015ൽ നടത്തുകയുണ്ടായി. ഇത് കൂടാതെ ഗ്രാമസഭ വഴിയും ടോയ്‌ലറ്റ് സൗകര്യം ലഭ്യമല്ലാത്ത കുടുംബങ്ങളുടെ കണക്കെടുക്കുകയും ജില്ലയിൽ ഇത്തരത്തിൽ ഉൾപ്പെട്ട 3472 കുടുംബങ്ങളെയും കണ്ടെത്തുകയുണ്ടായി. ഇതിൽ 3002 കുടുംബങ്ങൾക്കാണ് സ്വന്തമായി ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കേണ്ട ആവശ്യകത കണ്ടെത്തിയത്. പ്രസ്തുത കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുള്ള സർക്കാർ ധനസഹായം ആയ 15400/-രൂപ (12000/- ശുചിത്വ മിഷൻ വിഹിതം+3400 ഗ്രാമപഞ്ചായത്ത് വിഹിതം) ലഭ്യമാക്കുകയും, ടോയ്‌ലറ്റ് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുകയും ചെയ്യുകയുണ്ടായി. മാടക്കത്തറ ഗ്രാമപഞ്ചായത്താണ് തൃശൂർ ജില്ലയിൽ ആദ്യമായി ODF ആയി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്ത്. തുടർന്ന് അടാട്ട്, കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തുകൾ രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ എത്തുകയുണ്ടായി. എല്ലാ ഗ്രാമപഞ്ചായത്തുകളുംODF ആയി പ്രഖ്യാപിച്ച ആദ്യ ബ്ളോക്ക് പഞ്ചായത്ത് എന്ന നേട്ടം പുഴയ്ക്കൽ ബ്ളോക്ക് പഞ്ചായത്തിനാണ് ലഭ്യമായത്. തുടർന്ന് ഇരിങ്ങാലക്കുട, അന്തിക്കാട് ബ്ളോക്ക് പഞ്ചായത്തും യഥാക്രമം രണ്ട് മൂന്ന് സ്ഥാനങ്ങളിൽ എത്തുകയുണ്ടായി.

കഴിഞ്ഞ രണ്ട് മാസംകൊണ്ട് ഗ്രാമപഞ്ചായത്തുകളിൽ നടന്ന ചിട്ടയായ പ്രവർത്തനത്തിന്റെ ഫലമായാണ് ഈ നേട്ടം കൈവരിക്കാനായത്. ശുചിത്വ മിഷൻ വിഹിതം ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകും എന്ന സൂചന ലഭിച്ചപ്പോൾ തന്നെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ ഭേദഗതി വരുത്തുകയും പദ്ധതി തുകയിൽ നിന്നും ടോയ്‌ലറ്റ് നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ തുകയും നീക്കിവെയ്ക്കുകയുണ്ടായി. ഇതിന്റെ ഫലമായാണ് ഗ്രാമീണ മേഖലയിൽ സമ്പൂർണ്ണമായും ODFആയ സംസ്ഥാനത്തെ ആദ്യ ജില്ല എന്ന നേട്ടം തൃശ്ശൂരിന് കൈവരിക്കാൻ സാധിച്ചത്. സംസ്ഥാനത്ത് ആദ്യമായി നിർമ്മൽ ഗ്രാമപുരസ്ക്കാരം നേടുകയും മറ്റ് ജില്ലകൾക്ക് മാതൃകയാകാനും സാധിച്ചിട്ടുള്ള തൃശൂർ ജില്ലയ്ക്ക് ആദ്യ ODF ജില്ല എന്ന നേട്ടം കൂടി നേടിയെടുക്കാനായത് അഭിമാനാർഹമാണ്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജില്ലാ കളക്ടർ